പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1474

05/12/2014 -ൽ
മറുപടിയ്ക്ക്

## ഹിൽ ഏരിയ ഡവലപ്മെന്റ് ഏജൻസി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ.ചന്ദ്രശേഖരൻ | | ശ്രീ.കെ.സി..ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) ഹിൽ ഏരിയ ഡവലപ്മെന്റ് ഏജൻസി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും ; പ്രസ്തുത പദ്ധതികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ; | (എ) | ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ താഴെ കൊടുക്കുന്നു.<br>1. ചെറിയ അരുവികളിൽ ചെക്ക് ഡാം നിർമ്മാണം<br>2. പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതി<br>3. മലയോര റോഡുകളുടെ പുനരുദ്ധാരണം<br>4. സഹ്യശ്രീ സ്വയം തൊഴിൽ പദ്ധതി<br>5. പഴം പച്ചക്കറി വികസന പദ്ധതി<br>മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഏറ്റെടുത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;<br>(സി) പ്രസ്തുത പദ്ധതികളുടെ പേര്, അടങ്കൽ തുക തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) & (സി) | 1. പഴം പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുന്നതിന് കാഞ്ഞങ്ങാട്, പരപ്പ എന്നീ ബ്ലോക്ക് പഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടുണ്ട്.<br>അടങ്കൽ തുക<br>1. കാഞ്ഞങ്ങാട് ബ്ലോക്ക് - 26 ലക്ഷം.<br>2. പരപ്പ ബ്ലോക്ക് - 26 ലക്ഷം |

Bijumon

സെക്ഷൻ ഓഫീസർ

അനുബന്ധം

1. പദ്ധതികൾ ആവശ്യപ്പെടുന്ന ഗ്രാമ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി മലയോര വികസന ഏജൻസി തെരെഞ്ഞെടുക്കപ്പെട്ടവയായിരിക്കണം.

2. പഞ്ചായത്തുകളുടെ കുറഞ്ഞത് 25% എങ്കിലും പ്രദേശം 800 മീറ്റർ കോണ്ടൂറിന് മുകളിൽ വരുന്നവയോ പാരിസ്ഥിതിക ദുരന്തങ്ങൾക്ക് വിധേയമായവയോ ആയിരിക്കേണ്ടതാണ്.

3. പദ്ധതി നിർദ്ദേശങ്ങൾ പ്രായോഗികമായ ആവശ്യങ്ങളിൽ അധിഷ്ഠിതമായിരിക്കേണ്ടതാണ്.

4. പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതികളുടെ കാര്യത്തിൽ കിണർ, വാട്ടർ ടാങ്ക് എന്നിവ നിർമ്മിക്കുന്നതിനുള്ള സ്ഥലം സൗജന്യമായി ലഭ്യമാക്കേണ്ടതും കിണർ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് വെള്ളം സുലഭമായി ലഭിക്കുന്നതാണെന്ന് ഭൂഗർഭ ജല വകുപ്പ് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

5. പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതിയിൽ കുഴൽ കിണറുകളുടെ നിർമ്മാണം അനുവദനീയമല്ല.

6. ചെറു അരുവികളിൽ ചെക്ക് ഡാം നിർമ്മാണത്തിന് നിർദ്ദേശിക്കുന്ന സ്ഥലം ചെക്ക് ഡാം നിർമ്മാണത്തിന് അനുയോജ്യമാണെന്ന് ജല വിഭവ വകുപ്പ് സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതാണ്.

7. വനഭൂമിയിൽ ചെക്ക് ഡാം നിർദ്ദേശിക്കുകയാണെങ്കിൽ വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കേണ്ടതാണ്.

8. ഗ്രാമീണ റോഡുകൾക്ക് കുറഞ്ഞത് 4.5 മീറ്റർ വീതി ഉണ്ടായിരിക്കേണ്ടതും ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആയിരിക്കേണ്ടതുമാണ്.

9. നബാർഡ് ധന സഹായത്തോടെ നടപ്പിലാക്കുന്നതിനായി നിർദ്ദേശിക്കുന്ന റോഡുകൾക്ക് കുറഞ്ഞത് 6 മീറ്റർ വീതി ഉണ്ടായിരിക്കേണ്ടതും എസ്റ്റിമേറ്റ് തുകയുടെ 20% ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനം വഹിക്കുന്നതിന് തയ്യാറായിരിക്കേണ്ടതുമാണ്.

10. പഴം പച്ചക്കറി വികസന പദ്ധതികൾ നടപ്പിലാക്കുന്നത് ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന ആയിരിക്കും. ഈ പദ്ധതി നടപ്പിലാക്കുന്നതിന് താല്പര്യം പ്രകടിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തുകളെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഓരോ വർഷവും മലയോര വികസന ഏജൻസിയുടെ ഗവേണിംഗ് ബോഡി തിരഞ്ഞെടുക്കുന്നതായിരിക്കും.

11. സഹ്യശ്രീ സ്വയം തൊഴിൽ പദ്ധതി രൂപീകരിച്ച് 2 വർഷം കഴിഞ്ഞതും ഗ്രേഡിംഗ് പാസ്സായിട്ടുള്ളതുമായ സ്വയം സഹായ സംഘങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതാണ്. സാമ്പത്തിക സഹായത്തിന് നിർദ്ദേശിക്കപ്പെടുന്ന സ്വയം സഹായ സംഘങ്ങൾ മലയോര വികസന ഏജൻസിയുടെ പ്രവർത്തന പരിധിയിൽ വരുന്ന ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് ആയിരിക്കേണ്ടതാണ്.

Bijumon

സെക്ഷൻ ഓഫീസർ